**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**3595**

20-06-2019 ൽ മറുപടിയ്ക്ക്

**അഗ്നിരക്ഷാവകുപ്പിൽ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തിക**

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| | **ശ്രീ.ഷാഫി പറമ്പിൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പാലക്കാട് ജില്ലയിലെ ചിറ്റൂർ ഫയർ സ്റ്റേഷൻ പരിധിയിൽ ജനുവരി 7-ന് കിണറ്റിൽ അകപ്പെട്ട ആളെ ഫയർഫോഴ്സ് എത്തി കരയിൽ എത്തിച്ചുവെങ്കിലും ആശുപത്രിയിൽ കൊണ്ടുപോകുവാൻ ഫയർ ഫോഴ്സിന്റെ ആംബുലൻസ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഓട്ടോറിക്ഷയിൽ ആശുപത്രി യിലേക്ക് കൊണ്ടുപോകുന്ന വഴി അപകടത്തിൽപ്പെട്ട ആൾ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ; | എ) | 07-01-2019ന് ചിറ്റൂർ തത്തമംഗലം, അനിക്കുഴി എന്ന സ്ഥലത്ത് 3 ഏക്കറോളം വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്ന പായൽ നിറഞ്ഞ കുളത്തിൽ കിടക്കുന്ന തേങ്ങ എടുക്കാൻ ചാടിയ ശ്രീ.സുജിത് (12 വയസ്സ്) S/o ശ്രീ.സന്തോഷ്, അനിക്കുഴി എന്ന കുട്ടിയെ കാണാതായി എന്ന വിവരം അറിഞ്ഞ് ഫയർഫോഴ്സ് ഇറങ്ങി തിരയുകയും കുട്ടിയെ പുറത്തെടുക്കുകയും ചെയ്തു. കുട്ടിയെ മരണപ്പെട്ടതായി സംശയം തോന്നിയതിനാലും ഇടുങ്ങിയ വഴിയായതിനാലും എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തിക്കാൻ അവിടെ ഉണ്ടായിരുന്ന ഒരു ഓട്ടോയിൽ കുട്ടിയെ ചിറ്റൂർ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചിരുന്നു. കുട്ടിയെ പരിശോധിച്ചതിൽ കുട്ടി മരണപ്പെട്ടതായി ഡോക്ടർ അറിയിക്കുകയും ചെയ്തു. |
| ബി) | സംസ്ഥാനത്തെ അഗ്നിരക്ഷാ വകുപ്പിൽ എത്ര ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ വിഭാഗം ജീവനക്കാരാണ് ഉള്ളത്; | ബി) | നിലവിൽ 839 ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ വിഭാഗം ജീവനക്കാർ ജോലി ചെയ്തു വരുന്നു. |
| സി) | അഗ്നിരക്ഷാവകുപ്പിൽ നിലവിലുള്ള വാഹനങ്ങൾക്ക് ആനുപാതികമായിട്ടാണോ പ്രസ്തുത ജീവനക്കാരുടെ എണ്ണം; ഇല്ലെങ്കിൽ ഈ തസ്തിക കൂടുതൽ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) | ചില സ്റ്റേഷനുകളിൽ ജീവനക്കാരുടെ എണ്ണം കുറവാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ